ഒരു സിനിമ കണ്ട് കഴിയുമ്പോൾ നമുക്ക് എന്ത് വികാരം ആണ് ഉണ്ടാകാറുള്ളത് എന്ന് ആലോചിച്ചു നോക്കിയിട്ട് ഉണ്ടോ? ചില സിനിമ കഴിഞ്ഞു ഇറങ്ങുമ്പോൾ, നായകനെ പോലെ തോൾ ഒരല്പം ചെരിച്ചു നടക്കാൻ തോന്നാം, ചിലപ്പോൾ നാല് പേരുടെ മുൻപിൽ ഒരല്പം ആണത്തം കാണിച്ചു ആൾ ആകാൻ തോന്നാം, ചിലപ്പോൾ കോമഡി കാണിച്ചു ആളുകളെ ഒന്ന് കൈയിൽ എടുക്കാൻ തോന്നാം, മറ്റു ചിലപ്പോൾ ഒരു യാത്ര പോകാൻ തോന്നാം, പ്രണയിക്കാൻ തോന്നാം; എന്നാൽ എപ്പോഴെങ്കിലും ഒരല്പം ലജ്ജ തോന്നി തല കുനിക്കാൻ തോന്നിയിട്ടുണ്ടോ?

ഒരു പെണ്കുട്ടിയെ അച്ഛൻ എങ്ങനെ ആണ് വളർത്തേണ്ടത്? ഭർത്താവിന്റെ ഇഷ്ടം അനുസരിച്ച്, മക്കളുടെ ഇഷ്ടം അനുസരിച്ച് ജീവിക്കുന്ന നിന്റെ അമ്മയെ കണ്ടു പഠിക്കു എന്ന് അല്ലാതെ, നമ്മളിൽ ഏതൊരാൾക്ക് ഉണ്ട് മറിച്ചൊരു പാഠം പറഞ്ഞു പഠിപ്പിക്കാൻ ഉള്ള യോഗ്യത? എന്റെ ഭാര്യ, കഴിഞ്ഞ പത്തു മാസം ചുമന്ന കുഞ്ഞിന്റെ പേരിടുമ്പോൾ, അതിന്റെ അവസാനം എന്റെ പെര് മാത്രം ചേർക്കുന്നത് ആണ് നാട്ട് നടപ്പ് എന്ന് ഓർക്കുമ്പോൾ ലജ്ജ തോന്നുന്നു. ഈ കണ്ട കുടുംബവും, കാലങ്ങൾ ആയി പിൻ തുടർന്ന് പോരുന്ന ഇത്തരം നാട്ട് നടപ്പുകളും ഒന്നും ഇല്ലെങ്കിൽ, നമ്മുടെ ഭാര്യയുടെ, നമ്മുടെ പെങ്ങളുടെ, നമ്മുടെ അമ്മയുടെ ഒക്കെ ഉള്ളിന്റെ ഉള്ളിൽ ഉള്ള ആഗ്രഹങ്ങൾ നമ്മളിൽ എത്ര പേർ അറിയാൻ ശ്രമിച്ചിട്ട് ഉണ്ട്?

അനുഭവ സിൻഹ എന്ന മികച്ച സംവിധായകനും, തപ്സീ പന്നു എന്ന അഭിനയത്രിയും, മറ്റ് പേര് അറിയാത്ത കുറച്ചധികം കലാ കാരന്മാരും ചേർന്ന് സമകാലിക ഭാരതത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന, ഉള്ളിൽ ഒരു നീറ്റൽ ബാക്കി നിർത്തി അല്ലാതെ കണ്ടു തീർക്കാൻ കഴിയില്ല എന്ന് ഉറപ്പിച്ചു പറയാവുന്ന, 2020ൽ ഇറങ്ങിയ ഒരു സിനിമയാണ്, ഥപ്പട് എന്ന ഹിന്ദി ചിത്രം. കരണകുറ്റിക്ക് കിട്ടുന്ന അടി എന്നാണ് ആ വാക്കിന് മലയാളത്തിൽ പറയേണ്ടത്. ശരിക്കും, എത്ര വിപ്ലവം പറഞ്ഞാലും നമ്മുടെ ഉള്ളിൽ ബാക്കി നിൽകുന്ന ഒരല്പം ആണത്തത്തിന്റെ മുഖത്ത് തന്നെ ആണ് ഈ സിനിമ ഒരു അടി ഇട്ട് തരുന്നത്!

By Jithin

- TB Movie Panel